No. N/529/16

നിർഭയ സെൽ,
ഹൗസ് നമ്പർ. 40, ചെമ്പക നഗർ,
ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം
ഫോൺ: 0471 2331059
Email ID: nirbhayacell@gmail.com
തീയതി:

സാമൂഹ്യനീതി ഡയറക്ടർ

ഡയറക്ടർ,
പൊതു വിദ്യാഭ്യാസ വകുപ്പ്.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - നിർഭയ സെൽ - ബാലവകാശവാരം - സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ - വിദ്യാലയങ്ങളിൽ പോസ്റ്റർ ക്യാമ്പെയിൻ നടത്തുന്നത് - സംബന്ധിച്ച്

കേരള സംസ്ഥാന നിർഭയ പോളിസി സാമൂഹ്യനീതി വകുപ്പിലെ നിർഭയ സെൽ വഴി നടപ്പിലാക്കി വരുന്നു. കേരള സമൂഹത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ വർദ്ധിച്ചു വരുന്ന ലൈംഗിക അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിന് കുട്ടികളെ ബോധവത്ക്കരിക്കേണ്ടത് അനിവാര്യമാണ്. 2016 നവംബർ 14 - 20 വരെ ബാലാവകാശവാരം ആചരിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാലയങ്ങളിൽ 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി "സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ" എന്ന വിഷയത്തിൽ പോസ്റ്റർ ഡിസൈനിംഗ് മത്സരം നടത്താൻ സാമൂഹ്യനീതി വകുപ്പിന് താൽപര്യമുണ്ട്. ഓരോ സ്കൂളിലും മത്സരം നടത്തി സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കുന്ന രണ്ട് പോസ്റ്ററുകൾ ജില്ലാ നോഡൽ അദ്ധ്യാപകൻ വഴി അതാത് ജില്ലയിലെ സാമൂഹ്യനീതി ഓഫീസിൽ എത്തിക്കാവുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നവരെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ തിരുവനന്തപുരത്തു വച്ച് മത്സരം നടത്തി വിജയിക്കുന്നവരെ സംസ്ഥാന നിർഭയ അമ്പാസിഡർ മാരായും ജില്ലാ തലത്തിൽ തെരഞ്ഞെടുക്കുന്നവരെ ജില്ലാ തല അമ്പാസിഡർ മാരായും പ്രഖ്യാപിച്ച് അനുമോദനം നൽകുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത പരിപാടി ചുവടെ പറയും പ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

| ക്രമ നം. | ഘട്ടം | പ്രവർത്തനം | സമയക്രമം |
|---|---|---|---|
| 1. | സ്കൂൾ തലം | പോസ്റ്റർ ഡിസൈനിംഗ് ക്യാമ്പെയിൻ | 26.10.2016 — 28.10.2016 |
| 2. | സ്കൂൾ തലം | വിജയികളെ തെരഞ്ഞെടുക്കുന്നു (2 എണ്ണം) | 31.10.2016 |
| 3. | ജില്ലാതലം | തെരഞ്ഞെടുക്കുന്ന പോസ്റ്ററുകൾ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ കൈമാറുന്നു. | 01.11.2016 - 03.11.2016 |
| 4. | ജില്ലാതലം | ജില്ലാതല വിജയികളെ തെരഞ്ഞെടുക്കുന്നു. | 03.11.2016-08.11.2016 |
| 5. | ജില്ലാതലം | ജില്ലയിൽ തെരഞ്ഞെടുക്കുന്ന പോസ്റ്ററുകൾ നിർഭയ സെല്ലിന് കൈമാറുന്നു. | 09.11.2016- 14.11.2016 |
| 6. | സംസ്ഥാനതലം | സംസ്ഥാനതല മത്സരവും അനുമോദന പരിപാടിയും | 16.11.2016 - 19.11.2016 |

പോസ്റ്റർ ക്യാമ്പയിൻ വിജയകരമാക്കുന്നതിനാവശ്യമായ സഹായ സഹകരണം പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർ

Director of Social Justice
Thiruvananthapuram
Pin-695 033

Addl. Dir. Pls. co-ordinate and give instructions to all DDEs, DEOs & AEOs
20/10

## കേരള സർക്കാർ

### സാമൂഹ്യനീതി വകുപ്പ് നിർഭയ സെൽ

# "ഒരുമ" പോസ്റ്റർ രചന മത്സരം

## "സ്ത്രീ സുരക്ഷയിൽ പുരുഷന്റെ പങ്ക്"

ബാലാവകാശ വാരാഘോഷത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ **സ്ത്രീ സുരക്ഷയിൽ പുരുഷന്റെ പങ്ക്** **എന്ന വിഷയത്തിൽ** പോസ്റ്റർ രചന മത്സരം സംഘടിപ്പിക്കുന്നു.

**സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ**

1. 26.10.2016 മുതൽ 28.10.2016 വരെയുള്ള കാലയളവിൽ സ്കൂൾ തലത്തിൽ **സ്ത്രീ സുരക്ഷയിൽ പുരുഷന്റെ പങ്ക്** **എന്ന വിഷയത്തിൽ** പോസ്റ്റർ രചന മത്സരം നടത്തേണ്ടതാണ്.
2. **മത്സരം 8 മുതൽ 12-ാം ക്ലാസുവരെയുള്ള ആൺകുട്ടികൾക്ക് മാത്രമാണ്.**
3. പോസ്റ്റർ രചന മത്സരം തത്സമയ മത്സരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. മത്സരിക്കുന്ന ഓരോ കുട്ടിക്കും കോഡ് നമ്പർ നൽകേണ്ടതാണ്. ടി കോഡ് നമ്പർ പോസ്റ്ററിന്റെ പിൻഭാഗത്ത് രേഖപ്പെടുത്തണം. മത്സരാർത്ഥികൾ പോസ്റ്ററിൽ പേര്, ക്ലാസ്, സ്കൂൾ എന്നിവ എഴുതാൻ പാടില്ല.
5. 31.10.2016 നുള്ളിൽ സ്കൂളിൽ നിന്ന് രണ്ട് മികച്ച പോസ്റ്ററുകൾ തെരഞ്ഞെടുത്ത് **03.11.2016 നുള്ളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് കൈമാറേണ്ടതാണ്.** തെരഞ്ഞെടുത്ത പോസ്റ്ററുകൾക്കൊപ്പം രണ്ട് വിജയികളുടെ ലിസ്റ്റ് കൂടി കൈമാറേണ്ടതാണ്. ലിസ്റ്റിൽ സ്കൂളിന്റെ പേരും മത്സരാർത്ഥിയുടെ പേര്, ക്ലാസ്, വയസ്സ്, സ്കൂൾ നൽകിയ കോഡ് എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

**Dr. MINI NAIR**
State Co-ordinator
Nirbhaya Cell
Social Justice Department

കേരള സർക്കാർ

സാമൂഹ്യനീതി വകുപ്പ്   നിർഭയ സെൽ

# "ഒരുമ" പോസ്റ്റർ രചന മത്സരം

## "സ്ത്രീ സുരക്ഷയിൽ പുരുഷന്റെ പങ്ക്"

ബാലാവകാശ വാരാഘോഷത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ 8 മുതൽ 12-ാം ക്ലാസുവരെയുള്ള ആൺകുട്ടികൾക്ക് പോസ്റ്റർ രചന മത്സരം സംഘടിപ്പിക്കുന്നു.

സ്കൂൾതലമത്സരം
2016
ഒക്ടോബർ 26
മുതൽ
28 വരെ

വിഷയം:- സ്ത്രീ സുരക്ഷയിൽ പുരുഷന്റെ പങ്ക്

സ്ഥലം:- സ്കൂൾ പരിസരം (സ്കൂൾതല മത്സരം)

**നിർദ്ദേശങ്ങൾ**

- 8 മുതൽ 12-ാം ക്ലാസുവരെയുള്ള ആൺകുട്ടികൾക്ക് മാത്രം
- പേപ്പർ സൈസ് :- ചാർട്ട്പേപ്പറിന്റെ 1/4 ഭാഗം
- മാധ്യമം :- ഇഷ്ടാനുസരണം (Oil paint, Water Colours, Poster Colours, Crayons etc)
- വരയ്ക്കാനുള്ള പേപ്പറും സാമഗ്രികളും മത്സരാർത്ഥികൾ കൊണ്ടു വരേണ്ടതാണ്.
- തത്സമയ മത്സരമായിരിക്കും.
- **വിഷയവുമായി ബന്ധപ്പെട്ട സന്ദേശം ഉണ്ടായിരിക്കണം.**
- മത്സരാർത്ഥികൾ പോസ്റ്ററിൽ പേര്, ക്ലാസ്, സ്കൂൾ എന്നിവ എഴുതാൻ പാടില്ല.

സ്കൂൾ തല മത്സരത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന 2 മികച്ച പോസ്റ്ററുകൾ ജില്ലാ തല മത്സരത്തിൽ ഉൾപ്പെടുത്തുന്നതാണ്.

ജില്ലാ തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 2 മത്സരാർത്ഥികളെ തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കുന്നതാണ്. ടി മത്സരാർത്ഥികളുടെ യാത്രാ ചെലവ് മുതലായവ സാമൂഹ്യനീതി വകുപ്പ് വഹിക്കുന്നതായിരിക്കും. ജില്ലാ തലവിജയികൾക്ക് സർട്ടിഫിക്കറ്റും സമ്മാനവും സാമൂഹ്യനീതി വകുപ്പ് നൽകും. ഇവർ ജില്ലാതല "നിർഭയ" അമ്പാസഡറാകും.

സംസ്ഥാനതല വിജയികൾ (മൂന്നു പേർക്ക്) പ്രത്യേക സർട്ടിഫിക്കറ്റും സമ്മാനവും സാമൂഹ്യനീതി വകുപ്പ് നൽകും. ഏറ്റവും മികച്ച പോസ്റ്റർ നിർഭയ പരിപാടികളുടെ മുഖചിത്രമായി പ്രഖ്യാപിക്കും.

ഒന്നാം സ്ഥാനത്തിന് അർഹനായ വിജയിയെ "നിർഭയ" സംസ്ഥാന അമ്പാസഡറായി പ്രഖ്യാപിക്കും.

ജില്ല, സംസ്ഥാനതല സമ്മാനാർഹമായ പോസ്റ്ററുകൾ സാമൂഹ്യനീതി ദിനാചരണത്തിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.

Dr. MINI NAIR
State Co-ordinator
Nirbhaya Cell
Social Justice Department